(ഡി) കുടിശ്ശിക നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും കോടതി നിർദ്ദേശം നിലവിലുണ്ടോ;

(ഇ) എങ്കിൽ ആയത് നടപ്പിലാക്കുവാൻ എന്തു നടപടി സ്വീകരിച്ചു യെന്ന് വ്യക്തമാക്കുമോ;

(എഫ്) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കരാറുകാർക്ക് എന്തു തുക 2000 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നൽകിയിട്ടുണ്ട്?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) ചില കോൺട്രാക്ടർമാർ ടെണ്ടർ നിരസിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുടിശ്ശിക കുറച്ചുകൊണ്ട് വരുന്നതിനായി സർക്കാർ നടപടികൾ എടുത്തു വരുന്നു.

(സി) 71024.04 ലക്ഷം രൂപ ഡിവിഷൻ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു*

(ഡി) 31.12.2000-ന് മുമ്പായി 150 കോടി രൂപ കുടിശ്ശികയിനത്തിൽ കരാറുകാർക്ക് കൊടുത്തു തീർക്കണമെന്ന് 28.10.2000-ൽ ബഹു : ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ & എഫ്) 71.53 കോടി രൂപ നവംബർ മാസത്തിലും 10.81 കോടി രൂപ ഡിസംബർ മാസത്തിലും നൽകിയിട്ടുണ്ട്. 67.66 കോടി രൂപ 31.12.2000 -ന് മുമ്പ് കരാറുകാർക്ക് നൽകുന്നതാണ്.

പ്ലസ് ടൂ കോഴ്സുകൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്

11(*101)ശ്രീ.കെ.പി.വിശ്വനാഥൻ :

ശ്രീ.ജി.കാർത്തികേയൻ :

ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ജൂലൈ 7-ലെ ഹൈക്കോടതി ഉത്തരവ് ലംഘിച്ചാണ് ഗവൺമെന്റ് പ്ലസ് ടൂ കോഴ്സുകൾ അനുവദിച്ചതെന്ന് 24.11.2000-ലെ വിധി തീർപ്പിൽ ഹൈക്കോടതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) 2000 ജൂലൈ 7-ാം തീയതി ഹൈക്കോടതി നടത്തിയ വിധിയിലും പ്ലസ് ടൂ കോഴ്സ് അനുവദിച്ചത് 2000 മാർച്ച് 30-ന് ഗവൺമെന്റ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ടോ;

(സി) ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 2000 ജൂലൈ 7-ലെ ഉത്തരവ് പാലിക്കാതിരുന്നത് കോർട്ടലക്ഷ്യമായി പരിഗണിച്ചിട്ടുണ്ടോ;

---

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ അഡീഷണൽ ബാച്ച് അനുവദിച്ചതിനെപ്പറ്റി 24.11.2000-ലെ വിധിയിൽ ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ;

(ഇ) ഹൈക്കോടതിയുടെ 24.11.2000-ലെ വിധിയിൽ പ്ലസ് ടു കോഴ്സ് അനുവദിച്ചത് സംബന്ധിച്ച് എന്ത് ഉത്തരവ് നൽകിയെന്ന് വെളിപ്പെടുത്തുമോ;

(എഫ്) അൺഎയിഡഡ് സ്കൂളുകൾക്കും പ്ലസ് ടു അനുവദിക്കുവാൻ ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) 7.7.2000-ലെ ഹൈക്കോടതി ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്ലസ് ടു കോഴ്സുകൾ അനുവദിച്ചതെന്ന് പരാമർശിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കോർട്ടലക്ഷ്യമായി പരിഗണിക്കാവുന്നതാണെന്ന് പരാമർശമുണ്ട്.

(ഡി) ഹൈക്കോടതിയിൽ നിലവിലുള്ള ഒ.പി.കളിൻമേൽ തീരുമാനമെടുക്കുന്നതുവരെ അഡീഷണൽ ബാച്ചുകൾ അനുവദിച്ചുകൊണ്ട് 13.10.2000-ൽ പുറപ്പെടുവിച്ച ജി.ഒ.(എം.എസ്) 343/2000/പൊ.വി.വ. ഉത്തരവ് നടപ്പിൽ വരുത്തരുതെന്നാണ് ഉത്തരവിലുള്ളത്.

(ഇ) പതിനഞ്ച് സ്കൂളുകൾ ഫയൽ ചെയ്തിരുന്ന ഒ.പി.കളിൻമേലാണ് 24.11.2000-ലെ വിധി പ്രസ്താവിക്കപ്പെട്ടത്.

(എഫ്) ഉണ്ട്. ഹൈക്കോടതിയുടെ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്ലസ് ടു കോഴ്സുകൾ

12(*102) ശ്രീ.ജോൺ ഫെർണാണ്ടസ് :
ശ്രീ.പിരപ്പൻകോട് മുരളി :
ശ്രീ.കെ.പി.സതീശ് ചന്ദ്രൻ :
ശ്രീ.വി.കെ.ചന്ദ്രൻ :
ശ്രീ.ടി.കെ.നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷത്തിൽ പുതുതായി പ്ലസ് ടു കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്ലസ് ടു കോഴ്സ് അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(സി) പ്ലസ് ടു കോഴ്സ് അനുവദിച്ചിട്ടുള്ള സ്കൂളുകളിൽ ഗ്രൂപ്പുകൾ അനുവദിച്ചതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്കൂളുകളിൽ പ്ലസ് ടു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; ഇതിൽ സർക്കാർ സ്കൂളുകൾ എത്ര; സ്വകാര്യ സ്കൂളുകൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly